**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1292 — 03-10-2016 -ൽ മറുപടിക്ക്

**പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം.എം. മണി** | | **ശ്രീ. പിണറായി വിജയൻ (ബഹു: മുഖ്യമന്ത്രി)** |
| എ) | പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് നൽകിവരുന്ന പരമാവധി ധനസഹായം എത്രയാണ്; | എ) | പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം നൽകിവരുന്ന പരമാവധി ധനസഹായം 4,00,000/- (നാല് ലക്ഷം രൂപ) രൂപയാണ്. |
| ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇപ്രകാരം ധനസഹായം ലഭിക്കുന്നതിനായി ഇടുക്കി ജില്ലയിൽ നിന്ന് എത്ര അപേക്ഷകൾ ലഭിക്കുകയുണ്ടായി? | ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇടുക്കി ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ 7 പേർ മരണപ്പെട്ടിട്ടുള്ളതും ടിയാളുകളുടെ ആശ്രിതരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുള്ളതുമാണ്. |
| സി) | അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്നും എത്ര പേർക്ക് വിതരണം ചെയ്തുവെന്നും വിശദമാക്കാമോ? | സി) | ഇടുക്കി ജില്ലയിൽ പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടിട്ടുള്ള 7 പേരുടെ ആശ്രിതർക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ശീർഷകത്തിൽ ഫണ്ട് ലഭ്യമായിട്ടില്ലാത്തതിനാൽ വിതരണം ചെയ്തിട്ടില്ല. ഇത് ഉടൻ വിതരണം ചെയ്യുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ